## 937

അന്നാളിലെന്തൊരാനന്ദം! ഓ-ഓ യേശു
വീണ്ടും വരുന്നോരന്നാളിലെന്തൊരാനന്ദം!
ദൈവജനത്തിന്നന്നാളിലെന്തൊരാനന്ദം!
ദൈവജനത്തിന്നന്നാളിലെന്തൊരാനന്ദം! ഓ-ഓ യേശു

2 പോയതുപോലെ നമ്മുടെ നായകൻ വരും
നാം ചെയ്ത വേലകൾക്കെല്ലാം പ്രതിഫലം തരും
ഓ-ഓ സ്തോത്രം പാടുമെല്ലാവരും-

3 ഭിന്നത തീരും ഒന്നായ് വിശുദ്ധർ ചേരും
ഖിന്നത മാറും തീരാവിനകൾ തീരും
ഓ-ഓ എല്ലാ കണ്ണീരും തോരും-

4 വിശുദ്ധഗണങ്ങൾ ഒന്നായി മന്നിൽ വന്നിടും
അശുദ്ധി നീക്കി നന്നായി നമ്മൾ വാണിടും
ഓ-ഓ പേയിൻ സേനകൾ കേണീടും-

5 മരുവിൽ വിരിയും പുത്തൻ പനിനീർ മലർകൾ
ധരയിൽ മുഴങ്ങുമെങ്ങും ദൈവിക സ്തുതികൾ
ഓ-ഓ ദിവ്യ സന്തോഷധ്വനികൾ-

6 നമ്മൾക്കൊരുക്കിയ നല്ലൊരു നവനഗറിൽ
എന്നും എന്നും വാഴും സീയോൻ പുരിയിൽ
ഓ-ഓ ജീവനായകന്നരികിൽ-

**M.E.C.**